"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

03 AUG 2019

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ജാലിസ ബീവി, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ ന്യൂറോളജി വിഭാഗത്തിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1890/2019/ആ.കു.വ** തീയതി,തിരുവനന്തപുരം, 01/08/2019

---

പരാമർശം:- 1 സ.ഉ (കൈ) നം.144/2015/ആകുവ തീയതി 04.07.2015.

2 സ.ഉ (കൈ) നം.136/2017/ആകുവ തീയതി 23.09.2017.

3 സ.ഉ (സാധ) നം.2634/2018/ആകുവ തീയതി 20.08.2018.

4 ഡോ.ജാലിസ ബീവി, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) സമർപ്പിച്ച 07.09.2018-ലെ അപേക്ഷ.

5 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.12.2018, 01.03.2019, 04.06.2019 എന്നീ തീയതികളിലെ കത്തുകൾ.

## ഉത്തരവ്

ആരോഗ്യ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം മെഡിക്കൽ ഓഫീസറുടെ 16 തസ്തികകൾ വിവിധ ശമ്പള നിരക്കുകളിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി കേഡറിൽ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതിനാലും, ആരോഗ്യ വകുപ്പിൽ പ്രസ്തുത യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാർ ഉള്ളതിനാലും, 17.02.2010-ലെ സ.ഉ (സാധ) നം. 69/2010/ആകുവ പ്രകാരം പ്രസിദ്ധീകരിച്ച ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിശേഷാൽ ചട്ടത്തിന്മേൽ സൂപ്പർ സ്പെഷ്യാലിറ്റി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയ കരട് ഭേദഗതിയുടെ അടിസ്ഥാനത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ആരോഗ്യ വകുപ്പിൽ തുടരുന്ന മെഡിക്കൽ ഓഫീസർമാരിൽ നിന്നും ഓപ് ഷൻ സ്വീകരിച്ച് കരട് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാകുന്നു. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനക്രമം അനുസരിച്ച് പുതിയതായി സൃഷ്ടിച്ചിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകളിലേക്ക് താൽക്കാലിക സ്ഥാനം നൽകി പരാമൃഷ്ട ഉത്തരവ് 2

പ്രകാരം മെഡിക്കൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ആരോഗ്യ വകുപ്പിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ജാലിസ ബീവി സൂപ്പർ സ്പെഷ്യാലിറ്റി (ന്യൂറോളജി) തസ്തികയിൽ നിയമനം ലഭിക്കുവാനുള്ള യോഗ്യതയുണ്ടായിരുന്നുവെങ്കിലും, സൂപ്പർ സ്പെഷ്യാലിറ്റിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള ഓപ് ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും കഴിഞ്ഞതിനു ശേഷമാണ് ഡോ.ജാലിസ ബീവിയുടെ ഓപ് ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാകുന്നത്.

3) ഡോ.ജാലിസ ബീവി പരാമർശം 4 പ്രകാരം സമർപ്പിച്ച അപേക്ഷയിൽ, ടിയാരി നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ ഉചിത മാർഗ്ഗേണ സമർപ്പിച്ചിരുന്നതായും ആയത് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമായത് ഓപ് ഷൻ സ്വീകരിക്കുന്നതിന്റെ അവസാന തീയതിയും കഴിഞ്ഞു പോയതിനാൽ ടിയാരിയെ സൂപ്പർ സ്പെഷ്യാലിറ്റിയിൽ കേഡറിൽ ഉൾക്കൊള്ളിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൊടുപുഴ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.ജാലിസ ബീവിയെ സൂപ്പർ സ്പെഷ്യാലിറ്റി (ന്യൂറോളജി) വിഭാഗത്തിൽ ഉൾപ്പെടുത്തി, പാലക്കാട് ജില്ലാ ആശുപത്രിയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവാകുന്നതോടൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി (ന്യൂറോളജി) വിഭാഗത്തിൽ നാല് കൺസൾട്ടന്റ് തസ്തികകൾ മാത്രമേ സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ എന്നുള്ളതിനാൽ സൂപ്പർ സ്പെഷ്യാലിറ്റി (ന്യൂറോളജി) വിഭാഗത്തിലെ എറ്റവും ജൂനിയറായ പാലക്കാട് ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് ഡോ.എസ്.മീനാകുമാരിയെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനമാറ്റം ചെയ്തും ഉത്തരവാകുന്നു.

5) പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനമാറ്റം ചെയ്ത ഡോ.എസ്.മീനാകുമാരിക്ക് നിയമനം നൽകുവാൻ ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സരിത.ഡി
ഡെപ്യൂട്ടിസെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഇടുക്കി / പാലക്കാട്.
ഡോ.ജാലിസ ബീവി, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ),
ജില്ലാ ആശുപത്രി,തൊടുപുഴ, ഇടുക്കി.
ഡോ.മീനകുമാരി.എസ്, കൺസൾട്ടന്റ് (ന്യൂറോളജി), ജില്ലാ ആശുപത്രി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SREEKALA R
Date: 2019.08.02 11:43:41 IST
Reason: Approved

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1- 49292/2015/ആ.വ.ഡ തീയതി 07.08.2019**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**